# ഏതാണ്ട്
# പുതിയൊരു സംഭവം

പ്രവൃത്തികളിൽ കൂടി അടിക്കുന്ന ശുദ്ധവായു – ശ്വസിക്കുവാനുള്ള വ്യത്യസ്തമായ ഒരു സൗരഭ്യവാസനയാണ്. മുൻപ് ആളുകൾ അനുഭവിച്ചതെല്ലാം സൂചന മാത്രമായിരുന്നു. പുസ്തകം പുരോഗമിക്കുന്നതോടെ, മനുഷ്യരുടെ ദൈവവുമായ ബന്ധത്തിൽ ചരിത്രം തന്നെ മാറ്റിമറിച്ചിരുന്ന ആവേശം വായനക്കാരിൽ വിസ്മയം ഉളവാക്കും.

പെട്ടെന്ന്, മതപരമായ ജീവിതം തന്നെ മാറ്റി. യേശു തന്നെ ക്രിസ്തു എന്നു വിശ്വസിച്ചവരിൽ പല മാറ്റങ്ങളും സംഭവിച്ചു. ഈ സ്വാധീനങ്ങളുടെ എല്ലാം കാരണം എന്തായിരുന്നു?

അപ്പൊസ്തലന്മാരെല്ലാം ആവേശകരമായി ഒന്നായിത്തീർന്നു. അവരുടെ ഹൃദയവും മനസ്സും മനോഭാവവും ശ്രദ്ധേയമായി മാറി. മുൻപ്, അവർ മോഹഭംഗം വന്നു, ക്ഷീണിച്ചു, നിരുത്സാഹപ്പെട്ടു, കലക്കത്തിലാവുകയും, നിരാശപ്പെടുകയും ചെയ്തിരുന്നു. ഈ അപ്പൊസ്തലന്മാർ ആവേശമുള്ളവരും, സമരാസക്തിയും, ധൈര്യവും, ആത്മവിശ്വാസവും, പ്രതിരോധ ശക്തിയുള്ളവരും, മേഘത്തിലൂടെ സ്വർഗ്ഗാരോഹണം ചെയ്തതായി കണ്ടവനോട് അവർക്കു വേദനയോടെയുള്ള ഭക്തിയും ഉണ്ടായിരുന്നു. അവർ ആ കഥ പറയാൻ തയ്യാറായി, കേൾക്കാൻ താല്പര്യമുള്ള ആരോടും സുവാർത്ത പ്രസംഗിക്കാൻ തയ്യാറായി. അവർ യെഹൂദ പ്രമാണിമാരുടേയും, പുരോഹിതന്മാരുടേയും, ശാസ്ത്രിമാരുടേയും, ഭീഷണി തോന്നിപ്പിച്ച ന്യായാധിപ സംഘത്തിന്റെ മുമ്പിൽ പോലും ഉറപ്പും ധൈര്യവുമുള്ളവരായിത്തീർന്നു. വലിയ ഉപദ്രവമായിരുന്നു ചക്രവാളത്തിനു മുകളിൽ, പല പുതിയ ശിഷ്യന്മാരിലും തടവും മരണവും മുഴങ്ങാൻ തുടങ്ങി.

മുൻപു മോശെയുടെ ന്യായപ്രമാണത്തിൽ വിശ്വസ്തരായിരുന്ന, ശിഷ്യന്മാർ, ഇപ്പോൾ പുതിയ നിയമത്തിൽ വിശ്വസ്തരായിത്തീർന്നു. അവരുടെ ആരാധന ആത്മാവിലും സത്യത്തിലുമായി, അവരുടെ ആത്മിയ പ്രവർത്തനങ്ങൾ ഹൃദയത്തിൽ നിന്നായിരുന്നു, അവരുടെ ഉപദേശങ്ങൾ യേശുവിൽ നിന്നു ഉത്ഭവിച്ചതായിരുന്നു, അവരുടെ ഭക്തി "മരണപര്യന്തം വിശ്വസ്തരായി" ട്ടായിരുന്നു, അവരുടെ കൂട്ടായ്മ ഒരു കുടുംബത്തെ – പോലെയുള്ള ബന്ധമായി വളർന്നു. അവരുടെ ജീവിതങ്ങളിൽ ശക്തമായ മാറ്റം സംഭവിക്കയും, പ്രവൃത്തികൾ ആ മാറ്റങ്ങളെ രേഖപ്പെടുത്തുകയും ചെയ്തു.

അവർക്കു നവോന്മേഷവും താല്പര്യവും ഉണർത്തുവാൻ

തക്കവണ്ണം ശിഷ്യന്മാരുടെ ആത്മിയ ജീവിതത്തിൽ എന്താണ് പ്രവേശിച്ചത്? ദൈവശ്വാസിയരായ അപ്പൊസ്തലന്മാർ മുഖാന്തരം ഒരു പുതിയ ഉടമ്പടി അല്ലെങ്കിൽ നിയമം വെളിപ്പെടുത്തി, യേശുവിന്റെ ക്രൂശിലെ മരണത്താൽ അതു പ്രാബല്യത്തിലാക്കുകയും ചെയ്തു.

**അവരുടെ ഉപദേശം പുതിയതായിരുന്നു**

ശിഷ്യർ യേശുവിനെ കർത്താവും ക്രിസ്തുവുമായി പ്രസംഗിക്കുവാൻ തുടങ്ങി. ഈ മാറ്റങ്ങളുടെ തുടക്കമായി ദൈവം യേശുവിനെ ക്രിസ്തുവാക്കി വെച്ചു എന്നു പത്രൊസ് പ്രഖ്യാപിച്ചു (പ്രവൃത്തികൾ 2:36). "ക്രിസ്തു" ഒരു സർവ്വ നാമം അല്ല; ശിശുവിനു യേശു എന്നു പേർ വിളിക്കും എന്നായിരുന്നു ദൂതൻ യോസേഫിനോടു പറഞ്ഞത് (മത്തായി 1:21). യേശുവിനെ ഔദ്യോഗികമായി ഉയർത്തിയ പദവിയാണ് "ക്രിസ്തു" (ഫിലിപ്പിയർ 2:9–11). ആ വാക്കിന്റെ അർത്ഥം "അഭിഷിക്തൻ" – രാജാവായി അഭിഷേകം ചെയ്തവൻ. പഴയ നിയമത്തിലെ എബ്രായ വാക്കായ "മശിഹ" എന്ന അതേ ചിന്തയാണ് അത് പ്രതിഫലിപ്പിക്കുന്നത്. യേശു സിംഹാസനത്തിൽ ദൈവത്തിന്റെ വലതു ഭാഗത്തിരിക്കുന്നു എന്നായിരുന്നു ശിഷ്യന്മാർ പ്രസംഗിച്ചത്; അതുകൊണ്ട്, അവൻ ക്രിസ്തുവായിരുന്നു, അഭിഷിക്തനാനയ രാജാവ്.

"കർത്താവ്" എന്നാൽ "യജമാനൻ"; അതുകൊണ്ട്, യേശു അധികാരമുള്ളവനാണ്. താൻ മരിച്ചു ഉയിർത്തെഴുന്നേറ്റശേഷം സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും തനിക്കു നല്കപ്പെട്ടിരിക്കുന്നു എന്നു പറഞ്ഞു (മത്തായി 28:18), സ്വർഗ്ഗസ്ഥനായ ദൈവം യേശുവിനെ കർത്താവും ക്രിസ്തുവുമാക്കി വെച്ചു എന്നു രേഖപ്പെടുത്തിയ ആദ്യത്തെ സുവിശേഷ പ്രസംഗത്തിൽ പത്രൊസ് പ്രഖ്യാപിച്ചു (പ്രവൃത്തികൾ 2:32–36). പുതിയ ക്രിസ്ത്യാനികൾ സകല ഉത്സാഹത്തോടും പരമാർത്ഥത്തോടും പ്രസംഗിച്ചു, കാരണം ദൈവം അബ്രഹാം മുതലുള്ള അവരുടെ പൂർവ്വ പിതാക്കന്മാരോടു വാഗ്ദാനം ചെയ്തതെല്ലാം യേശു നിറവേറ്റിയതു അവർ മനസ്സിലാക്കി.

പ്രവൃത്തികളുടെ പുസ്തകത്തിൽ ഉടനീളം കാണുന്ന മുഖ്യ വാക്കുകളും പ്രയോഗങ്ങളും ഈ അവകാശങ്ങൾ ഉന്നയിക്കുന്നു. ക്രിസ്തുവിനെക്കുറിച്ചുള്ള പ്രവചനങ്ങൾ യേശുവിൽ നിറവേറിയതായി പത്രൊസ് അവകാശപ്പെട്ടു (പ്രവൃത്തികൾ 3:18). "തള്ളിക്കളഞ്ഞ കല്ല്" "മൂലക്കല്ലായിത്തീർന്നവൻ" അവൻ തന്നെ എന്നും അവൻ പറഞ്ഞു (പ്രവൃത്തികൾ 4:11). കൂടാതെ, രക്ഷ മറ്റൊരുത്തനിലും ഇല്ല, തീർച്ചയായും മറ്റൊരു നാമത്തിലും ഇല്ല എന്നു പത്രൊസ് പറഞ്ഞു (പ്രവൃത്തികൾ 4:12). പിന്നീട്, ഈ യേശു ദൈവത്തിന്റെ വലത്തു ഭാഗത്തേക്കു ഉയർത്തപ്പെട്ടു എന്ന പത്രൊസ്, ന്യായാധിപ സഭയോടു പറഞ്ഞു (അധികാരസ്ഥാനം, വാഴ്ച്ചക്കുള്ള രാജാവിന്റെ സ്ഥാനം) "പ്രഭുവും രക്ഷിതാവും" ആയിത്തീർന്നു (പ്രവൃത്തികൾ 5:31). യിസ്രായേൽ ദേശത്തിനും അവർക്കു പോലും ദൈവം മാനസ്സാന്തരവും പാപമോചനവും നല്കുന്നതു ഈ യേശു മുഖാന്തരമാണെന്നു അവൻ ആ മഹനീയ യെഹൂദ പണ്ഡിതന്മാരോടും പ്രമാണിമാരോടും പറഞ്ഞു (പ്രവൃത്തികൾ 5:31)!

“നീതിമാനായവൻ” എന്നാണ് യേശുവിനെക്കുറിച്ചു സ്തെഫാനൊസ് പറഞ്ഞത്, വാഗ്ദാനം ചെയ്ത മശിഹയെ സൂചിപ്പിക്കുന്നതും അക്കാലത്തെ യെഹൂദന്മാർക്കു മനസ്സിലാക്കാവുന്നതും ആയിരുന്നു (പ്രവൃത്തികൾ 7:52) ഫിലിപ്പൊസ് ഐത്യോപ്യനോടു പ്രസംഗിച്ച പ്പോൾ, അവൻ യെശയ്യാവിന്റെ പ്രവചനത്തെ വിവരിച്ചു, യേശുവിനെ അറുക്കുവാനുള്ള ആടായും രോമം കത്രിക്കുന്നവന്റെ അടുക്കലേക്കു പോകുന്ന കുഞ്ഞാടായും വെളിപ്പെടുത്തി (പ്രവൃത്തികൾ 8:30-35). യിസ്രായേലിന്റെ പിതാക്കന്മാർക്കു കൊടുത്ത എല്ലാ മശിഹാ വാഗ്ദാനങ്ങളും ദൈവം നിറവേറ്റിയതായി പൗലൊസ് പറഞ്ഞു (പ്രവൃത്തികൾ 13:32, 33). അവൻ പിന്നെ ദാവീദിനു നല്കിയ വാഗ്ദാനമായ അവന്റെ സന്തതികളിൽ ഒരാൾ മശിഹയുടെ സിംഹാസനത്തിൽ ഇരിക്കുമെന്നതും പറഞ്ഞു. യേശു മരിച്ചതുകൊണ്ട് ആ വാഗ്ദാനത്തെ ഇല്ലാതാക്കിയില്ല, കാരണം ദൈവം അവനെ മരിച്ചവരിൽനിന്നു ഉയിർത്തെഴുന്നേല്പിച്ചു (പ്രവൃത്തികൾ 13:33-39). യേശുവിൽ നല്കുന്ന നീതീകരണമാണ് ഈ വാഗ്ദാന നിറവേറ്റൽ എന്നു പൗലൊസ് തീർപ്പാക്കി. ഒരു യെഹൂദനും ന്യായപ്രമാണത്താൽ നീതീകരിക്കപ്പെടുകയില്ല എന്നും അവൻ കൂട്ടിച്ചേർത്തു (വാക്യം 39).

പിന്നീട് പ്രവൃത്തികളിൽ, രണ്ടാം അദ്ധ്യായത്തിലെ പെന്തെക്കൊസ്തുനാളിനു ഏതാണ്ട് ഇരുപതു വർഷങ്ങൾക്കു ശേഷം, പരിച്ഛേദനയെക്കുറിച്ചു ആവർത്തിച്ചു പ്രശ്നം ഉണ്ടായതുകൊണ്ട് യെരുശലേ മിൽ പ്രത്യേക മീറ്റിങ്ങുകൾ നടന്നു (പ്രവൃത്തികൾ 15). യെഹൂദ പശ്ചാത്തലത്തിൽ നിന്നു വന്ന ക്രിസ്ത്യാനികൾ ന്യായപ്രമാണം, പ്രത്യേകിച്ച് പരിച്ഛേദന പരിശീലിക്കാൻ തുടങ്ങി. അവൻ ഇതു എല്ലാ ആൺകുട്ടികളിലും ക്രിസ്തുവിനോടു ചെരുവാൻ സ്നാനമേറ്റ എല്ലാ ജാതികളായ പുരുഷന്മാരിലും അടിച്ചേല്പിക്കുവാൻ തുടങ്ങി. പൗലൊസും ബർന്നബാസും അവരുടെ ഒന്നാം മിഷണറി യാത്ര പൂർത്തിയാക്കി (പ്രവൃത്തികൾ 13; 14); സുറിയയിലെ അന്ത്യൊക്യയിലേക്ക് വിവരങ്ങൾ ധരിപ്പിക്കുവാൻ, സഹോദരങ്ങളെ അയച്ചു, അവർ പരിച്ഛേദന എന്ന പ്രശ്നവുമായി ഏറ്റുമുട്ടി. അവർ മൂന്നു വർഷമായി തങ്ങളുടെ മിഷണറിയാത്രയിൽ പരിച്ഛേദന ആവശ്യപ്പെ ടാതെ ആളുകളെ സ്നാനപ്പെടുത്തിക്കൊണ്ടിരുന്നു, തെളിയിക്കാൻ കഴിയാത്ത-സഹോദരന്മാർ ഈ ചോദ്യം ആവർത്തിച്ചു ആളുകളെ ഇളക്കി. യെരുശലേം സഭയിലെ പ്രമാണിമാരിൽ ഒരാളായ യാക്കൊബ്, ആ മീറ്റിങ്ങിൽ അദ്ധ്യക്ഷനായി (പ്രവൃത്തികൾ 15:13-21). ആമോസിന്റെ പ്രവചനമായ “ദാവീദിന്റെ കൂടാരം” നിറവേറി എന്നും, അതുകൊണ്ട്, ക്രിസ്തുവിലുള്ള കൂട്ടായ്മയിലേക്കു ജാതികളിൽ നിന്നുള്ളവരേയും സ്വാഗതം ചെയ്യാമെന്ന് അവൻ പറഞ്ഞു. ദാവീദിന്റെ സിംഹാസനത്തിൽ മശിഹ ഇരിക്കുന്നത്, ദാവീദിന്റെ ആത്മിയ സന്തതിയുടെ വാഴ്ച്ച സ്വീകരിച്ച് മശിഹയുടെ കീഴിൽ ആരാധകർ ഉണ്ടാകുന്നതിനെക്കുറിച്ചായിരുന്നു ആ പ്രവചനം. ആ പ്രവചനം നിറവേറിയതുകൊണ്ട്, ജാതികളിൽ നിന്നുള്ളവർ പഴയ നിയമ പ്രമാണം അനുസരിക്കേണ്ട ആവശ്യമില്ല. ഇതു പരിച്ഛേദന എന്ന പ്രശ്നം തീർക്കുന്നു: ക്രിസ്തുവിൻ

കീഴിൽ അതു ആവശ്യമായിരുന്നില്ല.

**അവരുടെ ആരാധന വ്യത്യാസമുള്ളതായിരുന്നു**

ക്രിസ്തുവിന്റെ നിയമത്തിൽ കീഴിൽ പരിഛേദന കഴിക്കുന്നതു ആവശ്യമില്ലായിരുന്നു. ക്രിസ്ത്യാനികളായി തീർന്ന യെഹൂദന്മാർ പിന്നെ പെസഹയോ, പെന്തെക്കൊസ്തോ, കൂടാരപ്പെരുന്നാളോ ആചരിച്ചില്ല. അവർ മൃഗങ്ങളെ യാഗം അർപ്പിച്ചിരുന്നതും കൊയ്ത്തു ഫലങ്ങളും വിവിധ വഴിപാടുകളും നിർത്തി. പുരോഹിതന്മാർക്കു വേണ്ടി അവർ പിന്നെ ലേവ്യാവംശത്തിലേക്കു നോക്കിയില്ല. ദശാംശം കൊടുക്കുന്ന പരിശീലനവും നിർത്തി. ഈ പരിശീലനങ്ങൾ അവർ നിർത്തിയതുകൊണ്ട്, ക്രിസ്തുവിന്റെ നിയമത്തിൻ കീഴിൽ അവർ എന്തു ചെയ്തുവന്നു?

ലൂക്കൊസ് ലളിതമായി പറഞ്ഞു: "അവർ അപ്പൊസ്തലന്മാരുടെ ഉപദേശം കേട്ടും കൂട്ടായ്മ ആചരിച്ചും, അപ്പം നുറുക്കിയും പ്രാർത്ഥന കഴിച്ചും പോന്നു" (പ്രവൃത്തികൾ 2:42). അവർ ഇപ്പോൾ സത്യത്തി നുവേണ്ടി, ന്യായപ്രമാണത്തെയല്ല, അപ്പൊസ്തലന്മാരിലേക്കാണ് നോക്കുന്നത്. അവർ പെസഹ അല്ല, കർത്തൃമേശയാണ് ഭക്ഷിക്കുന്നത്. അവർ ദശാംശമല്ല കൊടുക്കുന്നതു, അവരുടെ പണവും വസ്തു വകകളും (അല്ലെങ്കിൽ കൂട്ടായ്മ ആചരിച്ചു[1]) തങ്ങളുടെ പ്രാപ്തി പോലെയും ആവശ്യമനുസരിച്ചും അവർ കൊടുത്തു. യേശു ക്രിസ്തുവിലും അവൻ മുഖാന്തരവും അവർ പ്രാർത്ഥിക്കാൻ തുടങ്ങി.

ഈ പരിശീലനങ്ങൾ എല്ലാം അവരുടെ ആരാധനയിൽ ശക്തമായ മാറ്റമുണ്ടാക്കി. ശ്രദ്ധയോടെ പ്രവൃത്തികളുടെ പുസ്തകം വായിക്കുന്ന ആൾക്ക് ആ മാറ്റം കാണാം: അപ്പൊസ്തലന്മാരുടെ ഉപദേശം കേട്ട് അവർ മാനസ്സാന്തരപ്പെട്ടു, അവർ പാപമോചനത്തിനായി സ്നാനമേറ്റു, ദൈവം അവരെ യോജിപ്പിച്ച് അവന്റെ കൂട്ടായ്മയിലേക്കു ചേർത്തു (പ്രവൃത്തികൾ 2:37–41). അതുകൊണ്ട്, അവർ പന്തിരുവരുടെ ഉപദേശ ത്തിലും നേതൃത്വത്തിലും യേശു നിർദ്ദേശിച്ചതുപോലെ ആരാധിച്ചു.

ഈ സമയത്തുള്ള ആരാധനയിൽ പറഞ്ഞിട്ടില്ലാത്ത കാര്യം ഉപകരണങ്ങൾ ആരാധനയിൽ ഉപയോഗിക്കുന്നതിനെപ്പറ്റിയാണ്. മുൻപ്, ന്യായപ്രമാണത്തിൻ കീഴിൽ, അവരുടെ ആരാധനയിൽ അവർ ഉപകരണങ്ങൾ ഉപയോഗിച്ചിരുന്നു. എങ്ങനെയായാലും, സഭ ആരംഭിച്ച ശേഷം, പുതിയ നിയമ ആരാധനയിൽ പാട്ടു പാടിയതെല്ലാം വായ്കൊണ്ടുള്ളതും ഇടവക മുഴുവനായും പങ്കെടുത്തതും ആയിരുന്നു. സംഗീതം സങ്കീർത്തനങ്ങളാലും, സ്തുതികളാലും പ്രബോധിപ്പിക്കുന്നതിനായിരുന്നു, ആത്മിക ഗീതങ്ങളും ആലപിച്ചി രുന്നു. സംഗീതത്തിനു സമാന്തരമായും ലംബമായും ഫലമുണ്ടാകു വാൻ, ആരാധകർ ഹൃദയത്തിൽ ദൈവത്തിനു പാടിയപ്പോൾ കഴിഞ്ഞു, അവരുടെ ഹൃദയത്തിൽ കൃപയോടു കൂടിയാണ് പാടിയത് (എഫെസ്യർ 5:19; കൊലൊസ്യർ 3:16). ക്രിസ്തുവിനെ സ്വീകരിച്ച യെഹൂദന്മാരുടെ ആരാധനയിലെ ശക്തമായ മറ്റൊരു മാറ്റം ആയിരുന്നു ഇത്.

യേശുവും അപ്പൊസ്തലന്മാരും മുഖാന്തരം ദൈവത്തിന്റെ പുതിയ

നിയമം പ്രകടമാക്കിയതായി പരിവർത്തനം ചെയ്ത ഓരോ യെഹൂദനും തിരിച്ചറിഞ്ഞു. അത് ഒരു നാടകീയ മാറ്റത്തിന്റേയും, ആവേശത്തിന്റേയും, സമയം ആയിരുന്നു.

### അവരുടെ മനസ്സിലാക്കൽ വ്യക്തമായിരുന്നു

ന്യായപ്രമാണത്താൽ യെഹൂദന്മാർക്ക് നീതീകരണം ലഭിച്ചിരുന്നു, അതു താല്ക്കാലികവും പിൻവരുവാനുള്ള ഒരു വാഗ്ദാനവും ആയിരുന്നു (യിരെമ്യാവ് 31:31, 32). ക്രിസ്തു മഹാപുരോഹിതനും രാജാവുമായിത്തീർന്നപ്പോൾ ആ വാഗ്ദാനം നിറവേറി (എബ്രായർ 8:1-13). ന്യായപ്രമാണം രൂപപ്പെടുത്തി നല്കിയതു യിസ്രായേൽ ദേശത്തിനുമാത്രമായിരുന്നു (പുറപ്പാട് 34:27, 28); അത് ഒരിക്കലും എല്ലാവർക്കും ഉള്ള സാർവ്വലൗകിക നിയമം ആയിരുന്നില്ല.

യേശു വരുന്നതുവരെ യെഹൂദന്മാരെ സഹായിക്കുവാനായിരുന്നു ന്യായപ്രമാണം നല്കിയത് (ഗലാത്യർ 3:19). അത് ഒരു "സ്ക്കൂൾ അദ്ധ്യാപകൻ" അഥവാ "ശിശുപാലകൻ" ആയിരുന്നു (ഗലാത്യർ 3:24). ഈ ന്യായപ്രമാണശേഷം സുവിശേഷത്തിലുള്ള ''വിശ്വാസം'' വന്നപ്പോൾ, മോശെയുടെ ന്യായപ്രമാണം നീങ്ങപ്പെട്ടു (ഗലാത്യർ 3:24, 25). അബ്രഹാമിന്നു ദൈവം വാഗ്ദാനം ചെയ്ത രക്ഷയിൽ പഴയ നിയമ ന്യായപ്രമാണം ഒരു ഭാഗമല്ലായിരുന്നു; അങ്ങനെ ആയിരുന്നെങ്കിൽ, തന്റെ ജനത്തെ രക്ഷിക്കുവാൻ ദൈവം അത് ഉപയോഗിക്കുമായിരുന്നു (ഗലാത്യർ 3:21, 22). കൂടാതെ, ഈ ന്യായ പ്രമാണത്തിൻ കീഴിൽ പാപത്തിനുവേണ്ടിയുള്ള പ്രായശ്ചിത്തമായി അർപ്പിച്ചിരുന്ന ആട്ടുകൊറ്റന്മാരുടേയും കാളക്കിടാങ്ങളുടേയും രക്തം പരിഹാരം വരുത്തിയില്ല അതിന്നു കഴിഞ്ഞുമില്ല (എബ്രായർ 10:4).

ക്രിസ്തുവിനാൽ ന്യായപ്രമാണം നിറവേറ്റപ്പെട്ടു (ലൂക്കൊസ് 24:44, 45), തന്റെ മരണത്താൽ നീക്കി (എഫെസ്യർ 2:15), അതിനെ ക്രൂശിൽ തറെച്ചു നീക്കിക്കളഞ്ഞു (കൊലൊസ്യർ 2:14), അതിനെ "പഴയത്" അല്ലെങ്കിൽ കാല - ഹരണ - പ്പെട്ടു (എബ്രായർ 8:13). യേശു ക്രൂശിൽ മരിച്ചതുകൊണ്ട് യെഹൂദന്മാർ ന്യായപ്രമാണത്തിൽ നിന്നു ഒഴിവുള്ളവരായി അല്ലെങ്കിൽ അതു സംബന്ധമായി മരിച്ചു. ഈ നേട്ടത്താൽ യെഹൂദന്മാർക്കു ആത്മിയമായി ക്രിസ്തുവിനോടു ചേരുവാൻ സാഹചര്യം ഒരുങ്ങി (റോമർ 7:4).

### ഉപസംഹാരം

കൃപക്കും പാപമോചനത്തിനും വേണ്ടിയുള്ള എല്ലാ ആത്മിയ വാഗ്ദാനങ്ങളും നിറവേറിയതായി ഇപ്പോൾ നമുക്കു പ്രവൃത്തികളുടെ പുസ്തക ചരിത്രത്തിൽ കാണാം. "ഒരിക്കൽ ലോകാവസാനത്തിൽ" വരുവാനുള്ളവർ ആയിരുന്നു ക്രിസ്ത്യാനികൾ; അതായതു, ക്രിസ്ത്യാനികൾക്ക് വീണ്ടെടുപ്പിന്റെ അസംഖ്യം അനുഗ്രഹങ്ങൾ ലഭിക്കുന്നു (1 കൊരിന്ത്യർ 10:11). ഈ ആത്മിക അനുഗ്രഹങ്ങൾ യേശുവിനെ അനുഗമിക്കുന്നവർക്കു ശേഖരിക്കാം.

യേശുവിന്റെ രക്തത്താൽ ദൈവത്തോടുള്ള കൂട്ടായ്മക്കു

“പുതിയതും ജീവിക്കുന്നതുമായ ഒരുവഴി” ലഭ്യമായി (എബ്രായർ 10:19, 20). ഒരു പുതിയ പുരോഹിതൻ, വലിയ പുരോഹിതനെ ദൈവഭവനത്തിൽ വെച്ചിരിക്കുന്നു: യേശുക്രിസ്തു (എബ്രായർ 10:21). പുതിയ ഉടമ്പടി കാരണം ഓരോ ക്രിസ്ത്യാനിക്കും ദൈവ സന്നിധിയിലേക്കു പ്രവേശിക്കാൻ കഴിയുന്നു (എബ്രായർ 10:19–22). ഓരോ ക്രിസ്ത്യാനിക്കും സ്വീകാര്യമായ യാഗം, ദൈവത്തിനു അർപ്പിക്കാൻ കഴിയുന്നു (1 പത്രൊസ് 2:5, 9).

ക്രിസ്തുവിന്റെ പുതിയ ഉടമ്പടിയിൽ ഇപ്പോൾ പാപമോചനവും കൂട്ടായ്മയും കാണാം. ഈ ഉടമ്പടിയിൻ കീഴിൽ വരുന്ന എല്ലാവർക്കും കരുണയും പാപക്ഷമാപണവും ഉണ്ട് (എബ്രായർ 8:10–12). ദൈവ ത്തിന്റെ പാപമോചനത്തിൽ, പാപങ്ങളെ ഒരിക്കലും ഓർക്കാതിരിക്കു ന്നതുകൊണ്ട് അതെത്ര മനോഹരമാണ്!

ഈ മഹത്തായ മാറ്റങ്ങളെ പ്രദർശിപ്പിക്കുന്ന ഏക ചരിത്ര പുസ്തകമാണ് പ്രവൃത്തികൾ. ക്രിസ്തുവിന്റെ പുതിയ നിയമം വന്നതോടെ പുതിയ അനുഗ്രഹങ്ങൾ, പുതിയ മതപരമായ പ്രവർത്തികൾ എന്നിവയും, ഒരാൾ ഭൂമിവിട്ടു പോകുമ്പോൾ ദൈവത്തോടുകൂടിയുള്ള ജീവിതത്തിനുള്ള പ്രത്യാശയും പുതിയ ഉറപ്പും ലഭിക്കുന്നു.

---

കുറിപ്പ്

[1] “ക്രിസ്തുവിന്റെ തേജസ്സിലേക്കുള്ള പുതിയ ആരാധന” എന്ന പാഠത്തിലെ “കൂട്ടായ്മ” എന്നതിലെ ചർച്ച നോക്കുക.

© 2009 Truth for Today